LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളോട് എറണാകുളം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയെന്ന പരാതി

7 [1583] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ എറണാകുളത്തു ചേർന്ന ജനപ്രതിനിധികളുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ജലവിഭവ വകുപ്പ് മന്ത്രി, ഉദ്യോസ്ഥർ, മാധ്യമ പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കളക്ടർ എം.എൽ.എ.-മാരോട് അപമര്യാദയായി പെരുമാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ജില്ലാ കളക്ടറോട് സംഭവത്തെപ്പറ്റി വിശദീകരണമോ റിപ്പോർട്ടോ ചോദിച്ചിട്ടുണ്ടോ; എങ്കിൽ കളക്ടർ നൽകിയ മറുപടിയുടെ ഉള്ളടക്കം വ്യക്തമാക്കുമോ, ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഉത്തരവാദപ്പെട്ട ജനപ്രതിനിധികളോട് ചട്ടവിരുദ്ധമായി പെരുമാറിയ എറണാകുളം ജില്ല കളക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കുന്നത്തുനാട് എം.എൽ.എ. ശ്രീ. ടി. എച്ച്. മുസ്തഫ സർക്കാരിന് പരാതി നൽകിയിട്ടുണ്ട്. ആയതിൻമേൽ എറണാകുളം ജില്ലാ കളക്ടറുടെ വിശദീകരണം ആരാഞ്ഞിരിക്കുകയാണ്.

(സി) ജില്ലാ കളക്ടറുടെ വിശദീകരിണം ലഭിച്ചിട്ടില്ല.

(ഡി ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ വിശദീകരണം ലഭിച്ച ശേഷം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

ഹെഡ്സ് ഓഫ് ഡിപ്പാർട്ട്മെന്റായി അംഗീകരിക്കപ്പെട്ട തസ്തികകൾ

8 [1584] ശ്രീ. എം. മുരളി:
" വർക്കല കഹാർ:
" ജോർജ്ജ് ജെ. മാത്യു:
" അടൂർ പ്രകാശ്:
" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തസ്തികകൾ ഹെഡ്സ് ഓഫ് ഡിപ്പാർട്ട്മെന്റായി അംഗീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാം;